# അമലഭാരതം കാമ്പയിൻ ശുചീകരണം ഇന്ന്

കൊല്ലം: മാതാ അമൃതാനന്ദമയീ മഠത്തിന്റെ ആഭിമുഖ്യത്തിൽ അമൃത കുടുംബവും അമൃത സ്വാശ്രയസംഘവും പൊതുജനങ്ങളും ചേർന്ന് 31 ഞായറാഴ്ച രാവിലെ 8 മുതൽ കൊല്ലം ആനന്ദവല്ലീശ്വരം മുതൽ റെയിൽവേ സ്റ്റേഷൻ വരെ ശുചീകരണ പ്രവർത്തനം നടത്തും.

അമലഭാരതം കാമ്പയിൻ നടത്തുന്ന ശുചീകരണ പ്രവർത്തനത്തിന് കൊല്ലത്ത് നേതൃത്വം നൽകുന്നത് ഉണിച്ചക്കംവീട് നാരായണൻ നായർ, മഹാദേവൻ പിള്ള, ഡോ.മോഹൻ നായർ, ബീനാ ശിവദാസൻ എന്നിവരാണ്. അഞ്ചൽ, കൊട്ടാരക്കര, ശാസ്താംകോട്ട, ചവറ തുടങ്ങിയ സ്ഥലങ്ങളിലും 31ന് അമലഭാരതം കാമ്പയിൻ ശുചീകരണപ്രവർത്തനം നടത്തുമെന്ന് അമൃത സ്വാശ്രയ സംഘം സെക്രട്ടറി രങ്കൻ അറിയിച്ചു.